(ബി) ഈ സർക്കാർ വിവിധ സർക്കാർ വകുപ്പുകളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു; വകുപ്പടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ ;

(സി) 2001-2006 കാലഘട്ടത്തിൽ എത്ര തസ്തികകൾ നിർത്തലാക്കി ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിൽ നിന്നും വ്യത്യസ്തമായി സർക്കാർ സർവ്വീസുകളിലെ കരാർവൽക്കരണം, സ്വകാര്യവൽക്കരണം, ഔട്ട്സോഴ്സിംഗ് എന്നിവ നിർത്തലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പുതിയ തസ്തികകളിലെ നിയമനം

30(1274) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കപ്പെടുന്നതും നവീകരിക്കപെടുന്നതുമായ 14 പൊതുമേഖലാ സ്ഥാപനങ്ങളിലായി കണക്കാക്കപ്പെടുന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികകളിലെ നിയമനത്തിന് പുതിയ ഏജൻസി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) നിയമനം പി.എസ്.സി.-ക്ക് വിട്ടതും നവീകരിക്കപ്പെടുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ പുതിയ റിക്രൂട്ടിംഗ് ഏജൻസികളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടോ ;

(ഡി) സംസ്ഥാനത്തെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിയമനം പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പുതിയതായി രൂപീകരിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയോ നടത്തുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജീരിയിൽ, വർക്കർ കാറ്റഗറികൾ ഒഴികെയുള്ള നിയമനങ്ങളാണ് പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ട് വന്നിട്ടുള്ളത്. ബി.പി.ഇ.-യുടെ കീഴിലുള്ള 69 പൊതുമേഖലാ സ്ഥാപനങ്ങളിൽ 43 എണ്ണത്തിന്റെ മാനേജീരിയൽ വർക്കർ കാറ്റഗറികൾ ഒഴികെയുള്ള തസ്തികകളുടെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതിന് നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് ഖണ്ഡിക(സി) റൂൾ 2 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻ & കമ്പനീസ്) റൂൾസ് 1971-ൽ ആവശ്യമായ ഭേദഗതി വരുത്തുക, സ്ഥാപനത്തിന്റെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കുക, റൂൾസിന് സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ അംഗീകാരം ലഭ്യമാക്കുക എന്നീ നടപടികൾ പാലിക്കേണ്ടതുണ്ട്. നിയമനം പി.എസ്.സി. മുഖേനയല്ലാത്ത 45 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമന നടപടികൾ മേൽപ്പറഞ്ഞ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മാതൃഭാഷയായ മലയാളത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി

31(1276) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ ഓഫീസുകളിലും, മന്ത്രിമാരുടെ ഓഫീസുകളിലും ഫയലുകളും മറ്റും മലയാളത്തിൽ എഴുതണമെന്ന് പല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടും മിക്ക വകുപ്പുകളിലും ഇംഗ്ലീഷിൽ ഫയൽ എഴുതുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) മാതൃഭാഷയായ മലയാളത്തെ പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ പോകുന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) മലയാളത്തിൽ ഫയലുകൾ എഴുതണമെന്ന് പൊതുനിർദ്ദേശം നിലവിലുണ്ടെങ്കിലും നൂറുശതമാനവും ഇതു നടപ്പാക്കുക എന്നത് പ്രായോഗികമല്ല. കേന്ദ്ര ഗവൺമെന്റ്, മറ്റു സംസ്ഥാന ഗവൺമെന്റുകൾ, കോടതികൾ, എംബസികൾ, കോൺസുലേറ്റുകൾ തുടങ്ങി ഇംഗ്ലീഷിൽ മാത്രം കത്തിടപാടുകൾ നടത്തേണ്ടി വരുന്ന സ്ഥാപനങ്ങളുണ്ട്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ കുറിപ്പുഫയൽ മലയാളത്തിൽ എഴുതണമെന്നും ബാക്കിയെല്ലായിടത്തും നിർബന്ധമായും മലയാളം ഉപയോഗിക്കണമെന്നും കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) മലയാളം ഔദ്യോഗികഭാഷയാക്കുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ കർശനമായ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സെക്രട്ടേറിയറ്റ് ഔദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ഔദ്യോഗികഭാഷാ ഉന്നതതല സമിതിയിലെ വിദഗ്ദ്ധാംഗങ്ങളും ഈ പരിശോധനയിൽ പങ്കെടുക്കാറുണ്ട്. താലൂക്ക്, ജില്ല, സംസ്ഥാനതലത്തിൽ പുരോഗതി വിലയിരുത്തുന്നുണ്ട്. ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ വകുപ്പുതലവൻമാരിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly